
# തെയോനാദം

മാവേലിക്കര ഭദ്രാസന പ്രസിദ്ധീകരണം

പെരുന്നാൾ സപ്ലിമെന്റ്




## എഡിറ്റോറിയൽ

വാനോളം ഉയരാനുള്ള വിശുദ്ധിയും ധരയോളം താഴാനുള്ള എളിമയുമുള്ള ഒരമ്മയുടെ പെരുന്നാളാണ് ആഗസ്റ്റിന്റെ ആദ്യ ഓർമ്മ. അമ്മ ഒരു വ്യക്തിയല്ല, ഒരു സാന്നിദ്ധ്യമാണ്-എന്നും നമ്മെ ഉത്തേജിപ്പിക്കുന്ന സാന്നിദ്ധ്യം. അമ്മയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്ന പതിനഞ്ച് ദിനരാത്രങ്ങൾ നമ്മുടെ ആത്മീയ ജീവിതത്തിന് കൂടുതൽ ഉണർവ്വേകട്ടെ.

നമ്മുടെ ആരാധനയിൽ വൈദികസ്ഥാനികളെ അനുസ്മരിച്ചുകൊണ്ടുള്ള കുക്കിലിയോൻ ആലപിക്കുമ്പോൾ വളരെ പ്രത്യാശാനിർഭരമായി നാം പാടുന്ന വരികളാണ് 'നിന്നാഗമന മഹാനാളിൽ ഓർത്ത് മുഖപ്രഭയേകേണമേ' എന്നത്. ബലിവേദിയ്ക്കരികിൽ നിൽക്കുന്ന വിശ്വാസി സഹസ്രങ്ങളുടെ ഹൃദയാഗ്രഹമാണ് ഈ പ്രാർത്ഥനയിലൂടെ വെളിപ്പെടുന്നത്. നിന്റെ രാജ്യ നിർമ്മിതിയ്ക്കായി അഹോരാത്രം യത്നിച്ച് കൂദാശകളാൽ ഞങ്ങളെ ആനന്ദിപ്പിച്ച പുരോഹിതനെ മഹനീയമായ അവിടുത്തെ പുനഃരാഗമന നാളിൽ അങ്ങ് ഓർക്കുകയും മുഖപ്രസന്നതയോടെ നിന്നെ എതിരേൽപ്പാനിടയാക്കുകയും ചെയ്യണമേ!

മാവേലിക്കരയുടെ മണ്ണിൽ ഇടയപരിപാലനം സ്തുത്യമായി നിർവ്വഹിച്ച് ദൈവസന്നിധിയിലേക്ക് പ്രവേശിച്ച ഭാഗ്യസ്മരണാർഹനായ പക്കോമിയോസ് പിതാവിന്റെ 4-ാം ഓർമ്മയുടെ നിറവിൽ നമ്മുടെ പ്രാർത്ഥനയും ഇതുതന്നെയാണ്. നമ്മെ വിശ്വാസപാതയിൽ ഉപനയിപ്പിച്ച പിതാക്കന്മാരുടെയും പൂർവ്വികരുടെയും സ്മരണയാകുന്ന സ്നേഹജ്വാല നാളുകൾ കഴിയുന്തോറും കൂടുതൽ കൂടുതൽ പ്രശോഭിക്കുവാൻ നമ്മിൽക്കൂടെ ദൈവം പ്രവർത്തിക്കട്ടെ.

**ഷിജി അച്ചൻ**


ഭാഗ്യസ്മരണാർഹനായ പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ ബഥനി ആശ്രമത്തിലെ കബറിടവും

## ഇടയമൊഴി



കർത്താവിൽ വാത്സല്യമുള്ള വന്ദ്യ വൈദികരെ,
പ്രിയ സഹോദരങ്ങളെ,

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് മൊത്തമായും മാവേലിക്കര മെത്രാസനത്തിന് പ്രത്യേകമായിട്ടും മറക്കാനാവാത്ത മഹാപുരോഹിതനാണ് ഭാഗ്യസ്മരണാർഹനായ പക്കോമിയോസ് മെത്രാപ്പോലീത്താ. തന്റെ നാമം അന്വർത്ഥമാക്കതക്കവിധത്തിൽ സുവിശേഷ വീരനായ വിശുദ്ധ പൗലോസിന്റേയും സന്ന്യാസി ശ്രേഷ്ഠനായ വിശുദ്ധ പക്കോമിയോസിന്റേയും ജീവിത ദർശനങ്ങൾ ഉൾക്കൊണ്ട് ത്യാഗപൂർണ്ണമായ ജീവിതത്തിലൂടെ സഭയെ സ്നേഹിക്കുകയും സേവിക്കുകയും, മുണ്ടൻമലയിലെ 'ബഥനി സന്ന്യാസ സമൂഹത്തിൽ' നിന്നും ആർജ്ജിച്ച് എടുത്ത ആദ്ധ്യാത്മിക ജീവിതനിഷ്ഠ പാലിച്ച് സഭാ സേവനത്തിലേക്ക് അനേകരെ ആകർഷിച്ച മാവേലിക്കരയുടെ പ്രഥമ പിതാവാണ് അഭിവന്ദ്യ പക്കോമിയോസ് തിരുമേനി. സ്വദേശത്തും വിദേശത്തുനിന്നും ലഭിച്ച വിദ്യാഭ്യാസം, വിശാലമായ വ്യക്തിബന്ധം എല്ലാം മാവേലിക്കര ഭദ്രാസനത്തിന്റെ കെട്ടുപണിക്കായി ആ പിതാവ് പ്രയോജനപ്പെടുത്തി.

അറുന്നൂറ്റി മംഗലത്ത് ഭദ്രാസനം അരംഭിച്ച പൗലോസ് മാർ പക്കോമിയോസ് ശാലേം ഭവൻ, രോഗികളോടും അശരണരോടും എന്നും പ്രത്യേകം ആഭിമുഖ്യം കാണിച്ച അഭിവന്ദ്യ പിതാവിന്റെ സ്മരണാർത്ഥം ആരംഭിച്ച പ്രഥമ പ്രസ്ഥാനമാണ്. ആ പിതാവിന്റെ പെരുന്നാളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുന്നതിന്, ഭദ്രാസന സഹായ മെത്രാപ്പോലീത്താ എന്ന നിലയിൽ ഏവരേയും ഒരിക്കൽ കൂടി സ്വാഗതം ചെയ്തുകൊണ്ട് നിർത്തുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

**ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ**

## ശ്രദ്ധാഞ്ജലി

ഫാ. എബി ഫിലിപ്പ്, ഭദ്രാസന സെക്രട്ടറി

മാവേലിക്കരയുടെ മനസ്സറിഞ്ഞ ഇടയന്റെ നാലാം ശ്രാദ്ധപ്പെരുന്നാൾ പ്രാർത്ഥനാ നിർഭരമായി ആചരിക്കുവാൻ നാം തയ്യാറെടുക്കുകയാണ്. ഇടയ ശുശ്രൂഷയുടെ ധന്യമായ നിമിഷങ്ങൾ നമുക്ക് സമ്മാനിച്ച ശ്രേഷ്ഠപിതാവിന്റെ സ്നേഹ സാന്നിദ്ധ്യം എന്നും നമുക്കൊപ്പം ഉണ്ടാകും എന്നതിന് സംശയമില്ല. അജഗണങ്ങൾക്കൊപ്പം ചുവടുവെച്ച പൗരോഹിത്യ ശുശ്രൂഷയുടെ മാതൃകയാണ് തിരുമേനിയുടേത്. ഉന്നതമായ മൂല്യങ്ങളുടെ സഹയാത്രികരായിരുന്ന ഒരു കുടുംബത്തിലെ തേജസ്സുറ്റ ഒരു കണ്ണിയെ മലങ്കരസഭയ്ക്കും പ്രത്യേകാൽ ഓണാട്ടുകരയ്ക്കും നൽകിയ ദൈവനിയോഗത്തിന് പ്രണാമം അർപ്പിച്ചുകൊണ്ട് സഭയോടൊത്ത് ഞങ്ങളും പാടുന്നു.

"ആബൂൻ മാർ പക്കോമിയോസ് നേടട്ടെ നിത്യ സ്മരണം"

# പക്വമതിയായ പക്കോമിയോസ് തിരുമേനി

ഫാ. ഡോ. ജേക്കബ് കുര്യൻ (വൈദിക സെമിനാരി മുൻ പ്രിൻസിപ്പാൾ)

2012 ആഗസ്റ്റ് 1-ാംതീയതി കാലംചെയ്ത ധന്യസ്മരണാർഹനായ പൗലൂസ് മാർ പക്കോമിയോസ് തിരുമേനി ചരിത്രത്തിന്റെ തിരശ്ശീലയ്ക്കപ്പുറത്തേക്ക് നീങ്ങിയിട്ട് നാലുവർഷം ആകുന്നു. സന്ന്യാസിശ്രേഷ്ഠൻ, മഹാപുരോഹിതൻ, ഭരണകർത്താവ്, ധ്യാനഗുരു, മുതലായ അനേകം നിയോഗങ്ങളിൽ സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ച ആ വന്ദ്യ പിതാവിനെ ഒറ്റവാക്കിൽ വിശേഷിപ്പിക്കുവാൻ ആഗ്രഹിക്കുന്നത് 'പക്വമതി' എന്നാണ്. സഭാശുശ്രൂഷയുടെ ചില പരീക്ഷണ നിമിഷങ്ങളിൽ പ്രത്യേകിച്ച് സ്ഥിതപ്രജ്ഞതയുടെ 'പക്വമനസ്സ്' അദ്ദേഹത്തെ ശ്രദ്ധേയനാക്കി.

റാന്നി പെരുനാട് ബഥനി ആശ്രമത്തിലേക്ക്, ആബോ യൂഹാനോൻ (പിന്നീട് അഭിവന്ദ്യ യൂഹാനോൻ മാർ അത്താനാസിയോസ്) ക്ഷണിച്ചപ്പോൾ സമ്പന്നമായ ഒരു കുടുംബത്തിലെ ലോകപരമായ ഉൽക്കർഷ സാദ്ധ്യതകളെ എബ്രഹാം ജോൺ ഉപേക്ഷിച്ചു. സന്ന്യാസപരിശീലനത്തിനിടയിൽ, വേദഗ്രന്ഥത്തിന്റെയും, ഉന്നത വിദ്യാഭ്യാസത്തിന്റെയും പാശ്ചാത്യവുമായ തലങ്ങളിൽ സാധു പൗലൂസ് മികവ് സമ്പാദിച്ചു. അന്തോനിയോസിനെപ്പോലും അതിശയിപ്പിച്ച തീബ്സിലെ പൗലൂസിന്റെയും, സമൂഹ സന്ന്യാസത്തിന്റെ സംഘാടകനായ പക്കോമിയോസിന്റെയും, സന്ന്യാസ പ്രസ്ഥാനത്തിന് ചൈതന്യമേകിയ ബസേലിയോസിന്റെയും മക്രീനയുടെയും, ഒക്കെ ചരിത്രത്തോടൊപ്പം, ലണ്ടൻ പള്ളി വികാരിയായിരിക്കുമ്പോൾ ആംഗ്ലിക്കൻ സന്ന്യാസ ശൈലികളും, ആ മനസ്സിലെ സന്ന്യാസ ദർശനത്തിൽ സമന്വയ ഭാവങ്ങളുടെ നിറം പിടിപ്പിച്ചു. ബഥനി ആശ്രമ പ്രസ്ഥാനത്തിന്റെ ചരിത്രവും, ആ ചരിത്രത്തിലെ ഒന്നാം തലമുറക്കാരിൽനിന്നുതന്നെയും അനുഭവ പങ്കിടലുകളും, പൗലൂസച്ചനെ തന്റെ സമർപ്പണ പാതയിൽ ശക്തിയുടെ ചുവടുകൾ വയ്പിക്കുവാൻ പര്യാപ്തമാക്കി. വിദ്യാർത്ഥി പ്രസ്ഥാനത്തോടൊപ്പം പ്രവർത്തിച്ച്, യുവതലമുറയ്ക്ക് ക്രിസ്തീയതയുടെ വെളിച്ചം പകരുന്നത്, ആ മനസ്സിന് എന്നും ആനന്ദം പകരുന്ന അനുഭവമായിരുന്നു. മേല്പട്ട സ്ഥാനത്തേക്ക് വിളിക്കപ്പെട്ടപ്പോൾ, സഭ ഒന്നിനു പിറകെ ഒന്നായി വിശ്വസിച്ചേല്പിച്ച സ്ഥാനങ്ങളും, നിയോഗങ്ങളും, പൂർണ്ണ വിശ്വസ്തതയോടെ നിർവ്വഹിച്ചു. ഇടുക്കിയും, അങ്കമാലിയും, മാവേലിക്കരയും ആ മഹാ ഇടയന്റെ കർമ്മപഥങ്ങളായി നേട്ടങ്ങൾ കൊയ്തു. പുതിയ ഭദ്രാസനമായ മാവേലിക്കരയുടെ പ്രഥമ ഇടയനായി ചുമതല ഏറ്റ് ഒട്ടും വൈകാതെ, അതിമനോഹരമായ ഭദ്രാസനാസ്ഥാനം നിർമ്മിച്ചു അതിനെ സുസജ്ജമാക്കി കൃതാർത്ഥതയോടെ വിടപറയുവാൻ ദൈവംതമ്പുരാൻ അദ്ദേഹത്തെ അനുഗ്രഹിച്ചു.

അഭിവന്ദ്യനായ പക്കോമിയോസ് തിരുമേനിയെക്കുറിച്ച് ഓർമ്മിക്കുമ്പോൾ ആദ്യമായി പക്വമായ ചിന്തകൾ പങ്കുവച്ച് ധ്യാനചിന്തകൾ എഴുതുകയും, ധ്യാനയോഗങ്ങൾ നടത്തുകയും ചെയ്ത ബഥാന്യനായ് പൗലൂസച്ചനെയാണ് മനസ്സിൽ വരുക. ലളിതമായ ഭാഷയിൽ, ആഴമുള്ള വചനദൂതുകൾ പങ്കുവയ്ക്കുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു. അമിതമായ ലോകപ്രതിപത്തിയെ പിടിച്ചു നിർത്തുവാനും, അമിതാവേശത്തിന്റെ ലോകവിരോധം നിയന്ത്രിക്കുവാനും, ഒരേ ഉത്ബോധനത്തിൽ ശ്രദ്ധിക്കുന്ന ഒരു വിവേക ചിന്തയായിരുന്നു അദ്ദേഹത്തിന്റെ വചന സുഗന്ധം.

വ്യക്തിബന്ധത്തിലും, സഭയ്ക്കുവേണ്ടിയുള്ള ചില സുപ്രധാന നയതന്ത്ര ഇടപെടലുകളിലും, വിശ്വാസ്യതയോടെയുള്ള മധ്യസ്ഥതാദൗത്യം വിജയകരമായി നിർവ്വഹിക്കുവാനുമുള്ള കഴിവ് പക്കോമിയോസ് തിരുമേനിക്കുണ്ടായിരുന്നു. അധികമാരും അറിഞ്ഞിട്ടില്ലാത്തതെങ്കിലും, ഭാവിക്കു ഗുണംചെയ്ത നിയോഗങ്ങൾക്കായി സഭാനേതൃത്വം അദ്ദേഹത്തോട് ആവശ്യപ്പെട്ടതും അത് അങ്ങേയറ്റം വിജയകരമായി നിർവ്വഹിച്ചതും, ദൈവംതമ്പുരാൻ അദ്ദേഹത്തിൽ നിക്ഷേപിച്ച പക്വമനസ്സിന്റെ കൈമുതലുമൂലമായിരുന്നു. എം. ജി. ഒ. സി. എസ്. എം. കോൺഫ്രൻസുകളിൽ യുവമനസുകൾ മാർഗ്ഗദർശനത്തിനായി കൂടുതലും ഓടിയെത്തിയിരുന്നത് വൈദികനായിരിക്കുമ്പോഴും മേല്പട്ടക്കാരനായിരിക്കുമ്പോഴും അദ്ദേഹത്തിന്റെയടുക്കലായിരുന്നുവെന്ന് കേട്ടറിയുവാൻ കഴിഞ്ഞിട്ടുണ്ട്. യുവത്വത്തിന്റെ ചാപല്യങ്ങളെയും ചാഞ്ചാട്ടത്തെയും, സ്നേഹപൂർവ്വം മനസ്സിലാക്കുന്ന ഒരു വശവും, ആത്മാവിന്റെ ആഴങ്ങൾ കാണിച്ചുകൊടുക്കുന്ന വഴികാട്ടിയുടെ ഒരു വശവും, അദ്ദേഹത്തിൽ സമഞ്ജസമായി സമ്മേളിച്ചിരുന്നു എന്നതായിരുന്നു ഇതിന്റെ കാരണം.

നന്മയുടെ നാമ്പുകളെ മുൻവിധികളില്ലാതെ പ്രോത്സാഹിപ്പിക്കുന്ന നേതൃത്വം എവിടെയുണ്ടോ അവിടെ ജീവജാലങ്ങളനുഭവിക്കുന്ന ഒരു സ്വാതന്ത്ര്യ സന്തോഷമുണ്ട്. ആ സന്തോഷത്തിന്റെ രഹസ്യം അറിഞ്ഞ് മറ്റുള്ളവരെ ഉൾക്കൊള്ളുന്ന മനസ്സിനെ മാത്രമേ പക്വമനസ്സെന്നു പറയുവാൻ കഴിയൂ. അത് എല്ലാ അർത്ഥത്തിലും ഉണ്ടായിരുന്ന ഒരു വ്യക്തിത്വത്തെയാണ് പൗലൂസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായിൽ ദർശിച്ചത്.

ആർഷഭാരതത്തിന്റെ ഗുരുസ്വരങ്ങളിൽ ഒന്നാണ്, 'ഉത്തിഷ്ഠത ജാഗ്രത പ്രാപ്യവരാന്നിബോധത' എന്നുള്ളത്. ഉയരുക, ഉണരുക, ശ്രേഷ്ഠരിൽനിന്ന് ജ്ഞാനം പ്രാപിക്കുക, എന്ന ആ ഉപദേശത്തിന്റെ സമസ്ത ഭാവങ്ങളിലും ആദ്യം ശിഷ്യന്റെ സ്ഥാനത്തും, പിന്നീട് ഗുരുവിന്റെ സ്ഥാനത്തും പക്കോമിയോസ് തിരുമേനി പരിശോഭിച്ചു. യേശുതമ്പുരാനെക്കുറിച്ച്, സുവിശേഷകനായ മർക്കോസ് ഇപ്രകാരം സാക്ഷിച്ചു. 'അവൻ സകലവും നന്നായി ചെയ്തു' (മർക്കോ. 7:37). പൗലൂസ് മാർ പക്കോമിയോസ് തിരുമേനിയും, കർത്താവേശുമിശിഹായുടെ കാലടികൾ പിന്തുടർന്ന്, സകലവും നന്നായി ചെയ്തു.

# തൈത്തലന്റ്

സഖേർ

*'If you want to climb a mountain begin at the top'*

നിശബ്ദരായിരിക്കുന്നവർ എവിടേയ്ക്കാണ് സഞ്ചരിക്കുന്നത്? നമ്മോടധികം സംസാരിക്കാതെ അവർ ആരോടൊപ്പമാവും ഏറെ സമയം ചെലവഴിക്കുക. സുദീർഘ മൗനങ്ങൾക്ക് ശേഷം അവർ പറയുന്നതെല്ലാം സത്യം മാത്രമാണ്. നിൽക്കുന്നത് ദൈവകല്പനകൾ മാത്രമാണ്. മോശ അങ്ങനെയായിരുന്നു. ഏലീയാവും യോഹന്നാനുമൊക്കെ അപ്രകാരം തന്നെ. അല്ലെങ്കിൽതന്നെ ദൈവപുരുഷന്മാർ എന്തിനാവും പ്രാർത്ഥിപ്പാൻ ഉയർന്ന മലയിലേക്ക് കയറുക? തമ്പുരാന് പതിവായിരുന്നു മലയിലേയ്ക്കുള്ള പിൻവാങ്ങൽ! ദൈവപുരുഷന്മാരായ ഏലീയാവിന്റെയും ഏലീശയുടെയും പാർപ്പാകട്ടെ ഗിരിശിഖയിൽതന്നെ. ദൈവം പറയുമ്പോൾ മാത്രമാണ് അവർ ഇറങ്ങിവരിക. കിളിവാതിലിൽനിന്ന് വീണുകിടക്കുന്ന അഹസ്യാവിന്റെ സേനാപതികൾ ഏലിയാവിനെ തേടിയെത്തിയത് മലമുകളിലേയ്ക്കാണ്. ദൈവം അനുവദിക്കുമ്പോൾ മാത്രമാണ് അവൻ ഇറങ്ങിച്ചെല്ലുകയെന്നതും ഓർക്കുക. ശൂനേംകാരിയുടെ തിരച്ചിലെത്തുന്നത് കർമ്മേലിന്റെ ഉന്നതികളിലാണ്. സത്യത്തിൽ ഈ മഹാ ഗുരുക്കന്മാർ ജനസംഘത്തിലേയ്ക്കും പട്ടണങ്ങളിലേയ്ക്കും ഇറങ്ങിച്ചെല്ലുക സവിശേഷ ലക്ഷ്യങ്ങളോടെയാണ്. ദൗത്യങ്ങളില്ലാത്ത സഞ്ചാരങ്ങൾ അവർക്കിടയിലില്ല. ദൈവം അരുളിയതിനെ പ്രബോധിപ്പിക്കുക (Teaching). ദൈവകരുണയാൽ സൗഖ്യം പകരുക (Healng). ദൈവശക്തിയാൽ പോഷണമേകുക (Feeding). ദൈവത്തിന്റെ വാക്കല്ലാതെ മറ്റൊന്നും പറയാനില്ലാത്തവർ എങ്ങനെയാണ് വീൺചിന്തകളിൽ രമിക്കുക. വെറും വാക്കുകളിൽ രസിക്കുക. വ്യർത്ഥയാത്രകളിൽ ഭ്രമിക്കുക.

മലകൾ അദ്ധ്യാത്മിക പാരമ്പര്യങ്ങളിൽ ഏറെ സാംഗത്യമുള്ളവയാണ്. ശാരീരികമായ ഒരു പർവ്വതാരോഹണം നോക്കുക. കയറുംതോറും നിങ്ങളുടെ കാഴ്ചകൾ വിശാലമാവുകയാണ്. മനുഷ്യർക്കിടയിലുള്ള അതിരുകളും മതിലുകളും ചെറുതായി വരുന്നു. അതീതമായൊരു ബോധത്തിലേയ്ക്കുള്ള ഉണർവ്പോലെ താഴെനിന്ന് കാണവേ വലുതും വിലപിടിച്ചതുമായി തോന്നിയ പലതിനും അത്രയൊന്നും വലിമ കാണുന്നതേയില്ല. അധമബോധങ്ങളിൽ ഏറ്റവും വലുതെന്ന് ശഠിക്കുന്ന പലതും ഉയർന്ന ബോധങ്ങളിൽ അത്രയൊന്നും സാരവത്തായ സംഗതികളല്ലെന്നത് ഒരു ആത്മീയമായ തിരിച്ചറിവും കൂടെയാണല്ലോ. പിന്നെങ്ങനെയാണ് അവർ നമ്മെപ്പോലെ നിസ്സാരതകൾക്ക് വേണ്ടി കലഹം കൂട്ടുക?


മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
മാവേലിക്കര ഭദ്രാസനം

**പൗലോസ് മാർ പക്കോമിയോസ് ശാലേം ഭവൻ**

**അറുനൂറ്റിമംഗലം, മാവേലിക്കര, ആലപ്പുഴ ജില്ല, കേരളം 690 110**

Tel: Shalem Bhavan 0479 2357160, Theobhavan Aramana 0479 2309900

ജന്മദിനം, വിവാഹം, വിവാഹ വാർഷികം, പരേതരുടെ ഓർമ്മ, ഭവനകൂദാശ, മറ്റ് ആഘോഷങ്ങൾ നടത്തുമ്പോൾ ശാലേമിനെ ഓർക്കുക.... സഹായിക്കുക.....

പൗലോസ് മാർ പക്കോമിയോസ് ശാലേം ഭവനെ എങ്ങനെ സഹായിക്കാം

പ്രാർത്ഥനയിൽ, ശുശ്രൂഷയിൽ പങ്കാളിയായി, സാമ്പത്തികസഹായത്തിലൂടെ, സന്ദർശനത്തിൽ, നിർദ്ദേശങ്ങളിലൂടെ, നിങ്ങളുടെ ഒരു സുഹൃത്തിനു ശാലേമിനെ പരിചയപ്പെടുത്തികൊടുക്കുന്നതിലൂടെ

ഫാ. എബി ഫിലിപ്പ് (ഭദ്രാസന സെക്രട്ടറി) 9447 26 5646 ഫാ. തോമസ് പി. ജോൺ (ശാലേം ഡയറക്ടർ) 7559959343

# സഭയും രാഷ്ട്രീയവും

ഫാ. ഡോ. കെ.എൽ. മാത്യു വൈദ്യൻ കോർ എപ്പിസ്കോപ്പാ

സഭാംഗങ്ങൾ രാഷ്ട്രീയമായി പ്രബുദ്ധരാണ്. അവർ ഈ രംഗം സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ട്. വൈദികവൃത്തി ചെയ്തുകൊണ്ട് ഒരു രാഷ്ട്രീയപാർട്ടിയുടെ പ്രചാരകനാകാൻ പാടില്ല. ജനം അത് ഇഷ്ടപ്പെടുന്നില്ല. ബിഷപ്പുമാർ ഒരു പ്രത്യേക പാർട്ടിക്ക് വോട്ടുചെയ്യണമെന്ന ആഹ്വാനം നടത്തുമെന്ന് വിശ്വാസികൾ പ്രതീക്ഷിക്കുന്നില്ല. ഇത്തരം ആഹ്വാനങ്ങൾ ജനം അനുസരിക്കണമെന്നില്ല. ആത്മീയ പ്രസ്ഥാന യോഗങ്ങളിൽ നേതാക്കൾ ഇന്ന പാർട്ടിക്കോ വ്യക്തിക്കോ വോട്ടുചെയ്യണമെന്ന് പറയാൻ പാടില്ല. വോട്ടവകാശം ഒരു വ്യക്തിയുടെ സവിശേഷാധികാരമാണ്. ഒരിടവകയിൽ എല്ലാ പാർട്ടിക്കാരുമുണ്ടാകും. സഭയ്ക്കുള്ളിലെ തെരഞ്ഞെടുപ്പുകളിൽ രാഷ്ട്രീയ ശൈലിയിൽ പ്രചരണം നടത്തരുത്. അത് അയോഗ്യതയായി കരുതണം. സഭാ രംഗത്ത് ആത്മാർത്ഥമായി പ്രവർത്തിക്കുന്നവരെ ജനം തിരിച്ചറിഞ്ഞുകൊള്ളും. ഭരണാധിപത്യവും ശുപാർശകളും ഉന്നതങ്ങളിലെ ബന്ധവും കാട്ടി സഭാസമിതി തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നവരെ പ്രോത്സാഹിപ്പിക്കരുത്. സഭാന്തരീക്ഷം ഇത്തരത്തിൽ കലുഷിതമാകാതിരിക്കാൻ കർശന നടപടികൾ വേണം.

വരുന്ന സഭാ സമിതി തെരഞ്ഞെടുപ്പുകൾ നീതിയുക്തവും പ്രചരണ കോലാഹലങ്ങൾ ഇല്ലാതെയുമായിരിക്കണം. പള്ളിക്കമ്മിറ്റികളിൽ രാഷ്ട്രീയ ഗോഗ്വാവിളികൾ ഉണ്ടാകരുത്. അവിശുദ്ധ കൂട്ടുകെട്ടുകൾ സഭാനേതൃസ്ഥാനികൾക്ക് നല്ലതല്ല. മാധ്യമ ശ്രദ്ധയ്ക്കുവേണ്ടി സ്വയം ചെറുതാകരുത്. സഭാധികാരികളുടെ ലെറ്റർപാഡുകൾ സെക്രട്ടറിമാരോ മറ്റ് അടുപ്പക്കാരോ ദുരുപയോഗം ചെയ്യാനിടയാകരുത്. രാഷ്ട്രീയ രംഗത്ത് ശോഭിക്കാൻ മാർഗ്ഗനിർദ്ദേശം നൽകാം. പ്രോത്സാഹിപ്പിക്കാം. നേതൃത്വ പരിശീലനം നൽകാം. കൈപിടിച്ചുയർത്താം. നല്ല സേവന മാതൃകകളിലേക്ക് ആനയിക്കാം. രാഷ്ട്രീയരംഗം ശുദ്ധീകരിക്കാൻ മാതൃക കാട്ടാം. സർഗ്ഗാത്മക സ്വാധീനം ചെലുത്താം. ദൈവോദ്ദേശ്യത്തിന്റെ വെളിച്ചത്തിൽ വിലയിരുത്താം. ഭരണകൂടങ്ങൾക്ക് സംഘടിത സ്വാർത്ഥതാല്പര്യം പാടില്ലെന്ന് മുന്നറിയിപ്പ് നൽകാം. നിയമവാഴ്ചയും ക്രമവും നീതിയും പുലരാൻ സഹനസമര മാർഗ്ഗങ്ങളാകാം. ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുവാൻ സഹകരണത്തിന്റെ കരം നീട്ടാം. പരിസ്ഥിതി സംരക്ഷണത്തിനും അഴിമതിരഹിത വികസന മാതൃകയ്ക്കും മാലിന്യ നിർമ്മാർജ്ജന യത്നങ്ങൾക്കും കാർഷികാഭിവൃദ്ധിക്കും വേണ്ടി പിന്തുണ നൽകാം. തിന്മയിൽനിന്ന് ഭരണാധികാരികളെ പിന്തിരിപ്പിക്കുന്നതിന് സമ്മർദ്ദം ചെലുത്താം. പക്ഷേ വോട്ടുപിടുത്തത്തിൽ പരിധി കടക്കരുത്. മാന്യത കൈവിടരുത്. ധാർമ്മികതയുടെ അതിരുകൾക്കുള്ളിൽ ഭരണകൂടങ്ങൾ കർത്തവ്യങ്ങൾ നിർവ്വഹിക്കണം. അതിന് സഭ പിന്തുണ നൽകണം. പരിധി ലംഘിച്ചാൽ വിമർശനമുയർത്തണം. ക്രമസമാധാന പരിപാലനത്തിനും നീതിന്യായ നിർവ്വഹണത്തിലും ഭരണകൂടം ജാഗ്രത കാട്ടണം. വ്യക്തിയുടെ അവകാശങ്ങൾ ലംഘിക്കപ്പെടരുത്. സമൂഹത്തിന്റെ ഹിതവുമായി അത് അനുരഞ്ജിപ്പിക്കണം. നന്മയിലേക്കുള്ള പ്രേരണാശക്തിയാകണം സഭ.

നിർമനുഷ്യത്വവും നിരീശ്വരത്വവും എതിർക്കപ്പെടേണ്ടതാണ്. സ്വാതന്ത്ര്യമില്ലാതെ സാമൂഹ്യ പുരോഗതി അർത്ഥശൂന്യമാണ്. അന്തസിലും മൗലികതയിലും മനുഷ്യർക്കുള്ള സമത്വം കാത്തുസൂക്ഷിക്കണം. കർത്തവ്യത്തിന് അവകാശവാദത്തോടൊപ്പം സ്ഥാനം നൽകണം. പ്രായോഗിക രംഗങ്ങളിൽ, സേവനങ്ങളിൽ, ഭരണകൂടവും മതവും സഹകരിക്കണം. സാമ്പത്തിക പുരോഗതി വേണം. സാമൂഹ്യനീതി കൈവരിക്കണം. ദേശീയബോധം നഷ്ടപ്പെടരുത്. മതം ദുഷിക്കരുത്. മത സ്വാതന്ത്ര്യം ഹനിക്കരുത്. ആരാധനയ്ക്കും മതോപദേശത്തിനും സ്വാതന്ത്ര്യം വേണം. പ്രചരണം, ഇതര മത വിശ്വാസികളെ മുറിപ്പെടുത്തിയാകരുത്. നിർബന്ധിത മതംമാറ്റം പാടില്ല. അധികാരികളുടെ ഭാഗത്തു മാത്രമല്ല, മതങ്ങളുടെ ഭാഗത്തും സഹിഷ്ണുത വേണം. മതേതരത്വം മതനിഷേധമല്ല. എല്ലാ മതങ്ങൾക്കും തുല്യപരിഗണനയാണ്. മതപ്രചരണ സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തരുത്. സഹവർത്തിത്വമുള്ള സമൂഹം പുരോഗമിക്കും. നമ്മുടെ അവകാശം മറ്റുള്ളവരുടെ അവകാശങ്ങളെ ഹനിക്കുന്നതാകരുത്. ധാർമ്മികതയുടെ അടിത്തറയില്ലെങ്കിൽ ജനാധിപത്യം തകരും. സഭാംഗങ്ങൾക്ക് രാഷ്ട്രീയമാകാം. സഭയ്ക്ക് രാഷ്ട്രീയം വേണ്ടേ, വേണ്ടാ. പള്ളിക്കും.

# സ്ത്രീ നീതിയും സുരക്ഷിതത്വവും

അഡ്വ. ജെയ്സി കരിങ്ങാട്ടിൽ

### സ്ത്രീ സുരക്ഷ

സമൂഹത്തിൽ ഭയരഹിതമായി ജീവിക്കുന്ന അവസ്ഥയാണ് സുരക്ഷിതത്വം. വിവേചനം ഇല്ലാതെ തുല്യതയിൽ വസിക്കുന്ന അനുഭവം. ഏറ്റവും ചെറിയവർ പോലും അമൂല്യമായിത്തീരുന്ന അവസ്ഥയാണിത്. സ്ത്രീ-പുരുഷ സമത്വത്തിലധിഷ്ഠിതമായ ഒരു സമൂഹത്തിനു മാത്രമേ ഇത്തരം സുരക്ഷിതത്വം നൽകുവാൻ കഴിയൂ.


സമകാലിക ചരിത്രത്തിൽ സമൂഹം നേരിടുന്ന ഗുരുതരമായ പ്രശ്നമാണ് സ്ത്രീ സുരക്ഷ. സ്ത്രീകൾക്ക് തനതായ വ്യക്തിത്വം നേടാനും സമൂഹത്തിൽ വിവിധ തലങ്ങളിൽ പ്രവർത്തിക്കുവാനും ജീവിതത്തിന്റെ സമസ്ത മേഖലകളിലും എത്തുവാനും കഴിഞ്ഞെങ്കിലും സ്ത്രീകൾക്കെതിരെയുള്ള ചൂഷണവും ആക്രമണങ്ങളും ദിനംപ്രതി വർദ്ധിക്കുകയാണ്. വിദ്യാഭ്യാസപരമായും സാമൂഹികമായും സാംസ്ക്കാരികമായും സ്ത്രീകൾ സ്വയംപര്യാപ്തത നേടിയെങ്കിലും ഇന്നും ചൂഷണങ്ങളിൽനിന്നും വിമോചനം ഇല്ല. എല്ലാ രംഗങ്ങളിലും പുരുഷനോടൊപ്പം പ്രവർത്തിക്കുവാൻ കഴിയുമെന്ന് സ്ത്രീ സമൂഹം തെളിയിച്ചുവെങ്കിലും സ്ത്രീകൾ സുരക്ഷിതരല്ല. പൊതുയിടങ്ങളിൽ മാത്രമല്ല, ഏറ്റവും സുരക്ഷിതത്വം എന്നു വിശേഷിപ്പിക്കുന്ന 'സ്വന്തം ഭവനങ്ങളിൽ' പോലും സ്ത്രീകൾ സുരക്ഷിതരല്ല. ശാരീരികമായും, മാനസികമായും, സാമ്പത്തികമായും, സാമൂഹികമായും, മതപരമായും എല്ലാം സ്ത്രീകൾക്ക് സുരക്ഷിതത്വം നഷ്ടപ്പെടുന്നു. 2001-2010 വരെ UN സ്ത്രീപീഡന അതിജീവന ദശകമായി പ്രഖ്യാപിച്ചു എങ്കിലും സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പാക്കുവാൻ ഈ ദശകം സഹായിച്ചുവോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ധാരാളം പദ്ധതികൾ ഗവൺമെന്റ് തലത്തിലും അല്ലാതെയും നടപ്പാക്കി. എന്നാൽ ഇവയൊന്നും സമ്പൂർണ്ണമായും 'സ്ത്രീ സുരക്ഷ' നടപ്പാക്കുവാൻ സഹായിച്ചില്ല. സ്ത്രീ നീതിയും സുരക്ഷിതത്വവും നിലനിൽക്കണമെങ്കിൽ സമൂഹത്തിൽ സ്ത്രീകളോടുള്ള കാഴ്ചപ്പാടിൽ മാറ്റം വരണം. പുരുഷനോടൊപ്പം എല്ലാ തലങ്ങളിലും സ്ത്രീയുടെ കഴിവിനെ അംഗീകരിക്കുവാൻ കഴിയണം. സ്ത്രീയുടെ അന്തസ്സും, അഭിമാനവും, സുരക്ഷിതത്വവും, സ്വാതന്ത്ര്യവും കാത്തുസൂക്ഷിക്കുവാൻ കഴിയണം. അതിന് ഉയർന്ന സാമൂഹിക ബോധ്യം കൈവരിക്കണം.

### സ്ത്രീ സുരക്ഷയും നീതിന്യായ വ്യവസ്ഥയും

സ്ത്രീകൾക്ക് മാന്യമായ ജീവിതനിലവാരം ഉറപ്പാക്കുവാൻ കഴിയുന്ന ഒരു സാമൂഹിക സ്ഥിതി നിലവിൽ വരണം. അതിന് ധാർമ്മികവും നിയമപരവുമായ പരിരക്ഷ അനിവാര്യമാണ്. സ്ത്രീകളുടെ അന്തസ്സും അഭിമാനവും ഉയർത്തുവാൻ അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുക എന്നത് ഓരോ പൗരന്റെയും കടമയാണ്. ഒപ്പം സ്ത്രീ സമത്വവും, സ്വാതന്ത്ര്യവും, സുരക്ഷിതത്വവും സംരക്ഷിക്കപ്പെടണം. ഇന്ത്യൻ ഭരണഘടന ഇത് ഉറപ്പുനൽകുകയും ചെയ്യുന്നു. കൂടാതെ സ്ത്രീകൾക്ക് സാമൂഹിക, ഗാർഹിക സംരക്ഷണം നൽകുന്നതിനും സ്ത്രീകളുടെ അന്തസ്സ് സംരക്ഷിക്കുന്നതിനും അവകാശങ്ങൾ നേടിയെടുക്കുന്നതിനുമുള്ള അനവധി നിയമങ്ങൾ നിലവിലുണ്ട്. എന്നാൽ അവ ഫലപ്രദമായി നടപ്പാക്കുവാൻ ഗവൺമെന്റിനും നീതിന്യായ വ്യവസ്ഥിതികൾക്കും കഴിയാതെ വരുന്നു. പുതിയ സ്ത്രീ സംരക്ഷണ നിയമങ്ങൾ നടപ്പിൽ വരുത്തുവാൻ സർക്കാർ ശ്രമിക്കുന്നു എന്നത് ഏറ്റവും അഭിനന്ദനീയമാണ്. ഏറ്റവും പുതിയതായി സ്ത്രീകളുടെ 'സ്വകാര്യതയും മാന്യതയും' സംരക്ഷിക്കുന്നതിനുള്ള നിയമവും യാഥാർത്ഥ്യമാകുന്നു. ഇന്ത്യൻ ശിക്ഷാനിയമത്തിൽ വ്യക്തമായി ശിക്ഷണ നടപടികൾ ഉണ്ടെങ്കിലും തെളിവുകളുടെ അഭാവത്തിൽ ഇവയൊന്നും ഫലപ്രദമായി നടപ്പാക്കുവാൻ കഴിയാതെ വരുന്നു. എന്നാൽ ഇത്തരം നിയമങ്ങളെപ്പറ്റി സ്ത്രീകൾക്ക് ശരിയായ അറിവോ ബോദ്ധ്യമോ ഇല്ല. സ്ത്രീ നീതിയും, പങ്കാളിത്തവും നഷ്ടപ്പെടുന്ന മേഖലകളും സ്ത്രീകൾ തിരിച്ചറിയണം. അതിന് നിയമപരമായ അവബോധം നേടിയെടുക്കണം. നിയമ സാക്ഷരതാ സെമിനാറുകളും, നിയമ ബോധനവും ഫലപ്രദമായി നടപ്പാക്കുവാൻ കഴിയണം. നിയമവാഴ്ചയുടെ ദുർബലാവസ്ഥ സമൂഹത്തെ നശിപ്പിക്കും. അതിനാൽ കൂടുതൽ കാർക്കശ്യമുള്ള നിയമങ്ങൾ ഉൾപ്പെടുത്തിയും, പ്രത്യേക വനിതാ കോടതികൾ സ്ഥാപിച്ചും - നീതി ന്യായ വ്യവസ്ഥിതി വിപുലപ്പെടുത്തണം. ശാസ്ത്രീയമായ കുറ്റാന്വേഷണവും വേഗത്തിലുള്ള വിചാരണയും നീതി നടപ്പാക്കുന്നതിനുള്ള കർത്തവ്യബോധ്യവും സുതാര്യതയും നീതിന്യായ വ്യവസ്ഥിതിക്ക് ഉണ്ടാകണം.

### കെട്ടുറപ്പുള്ള കുടുംബം

സമൂഹത്തിന്റെ അടിസ്ഥാന ഘടകമാണ് കുടുംബം. സമൂഹത്തെ നന്മയിലേക്ക് നയിക്കുന്നതിൽ കുടുംബത്തിന് വലിയ പങ്ക് ഉണ്ട്. സാമൂഹിക നന്മയും സ്ത്രീ സുരക്ഷിതത്വവും കുടുംബങ്ങളിൽ സംരക്ഷിക്കപ്പെടണം. സമൂഹത്തിന്റെ ധാർമ്മികതയും, മൂല്യങ്ങളും ആദർശങ്ങളും ഇളംതലമുറയ്ക്ക് പകർന്നുകൊടുക്കേണ്ട ഉത്തരവാദിത്വം കുടുംബങ്ങൾക്കാണ്. സാമൂഹിക ജീവിതത്തിന്റെ ആദ്യ പാഠങ്ങൾ ലഭിക്കുന്നത് കുടുംബങ്ങളിൽനിന്നുമാണ്. എന്നാൽ സാമൂഹിക നന്മയിലേക്ക് വളരേണ്ട കുടുംബങ്ങൾ തകർന്നുകൊണ്ടിരിക്കുകയാണ്. സുരക്ഷിതത്വവും അംഗീകാരവും പകർന്നു നൽകേണ്ട കുടുംബങ്ങൾ അക്രമത്തിന്റെയും, അഴിമതിയുടെയും, മദ്യം, മയക്കുമരുന്ന്, ആർഭാടം, ധൂർത്ത് എന്നിവയുടേയും വിഹാര കേന്ദ്രമായിത്തീരുന്നു. പുതിയ തലമുറയ്ക്ക് കുടുംബങ്ങളിൽനിന്നും ലഭിക്കേണ്ട സ്നേഹവും വാത്സല്യവും അന്യമാകുന്നു. പകരം മത്സരത്തിന്റെയും ലാഭത്തിന്റെയും കണക്കുകളാണ് അവരെ നയിക്കുന്നത്. മനുഷ്യനെ മനുഷ്യനായി കാണുവാൻ കഴിയാതെ മനുഷ്യരും നഷ്ടപ്പെട്ട തലമുറയായി മാറുന്നു. സമൂഹത്തിന്റെ മൂല്യബോധത്തിൽ പ്രധാന പങ്കുവഹിക്കേണ്ട കുടുംബങ്ങൾ വിവിധ പ്രശ്നങ്ങളാൽ നട്ടം തിരിയുന്നു. വിവാഹ മോചന കേസുകൾ ദിനംപ്രതി വർദ്ധിക്കുന്നു. സാമ്പത്തിക, മാനസിക, ലൈംഗിക പ്രശ്നങ്ങൾ ധാരാളമായി വർദ്ധിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ സ്ത്രീ സുരക്ഷിതത്വവും നീതിയും കുടുംബങ്ങളിൽ നഷ്ടമാകുന്നു. കുടുംബങ്ങളുടെ കെട്ടുറപ്പ് സ്നേഹത്തിലും പരസ്പര വിശ്വാസത്തിലും നിലനിർത്തുവാൻ കുടുംബാംഗങ്ങൾക്ക് കഴിയണം. ഇത്തരം കെട്ടുറപ്പുള്ള കുടുംബങ്ങളാണ് സാമൂഹിക വികസനത്തിനുള്ള പ്രധാന അടിത്തറ നീതിബോധവും ദൈവസാന്നിദ്ധ്യവും നമ്മുടെ കുടുംബങ്ങളിൽ ഉണ്ടാകണം. ഇത്തരം കുടുംബങ്ങളിൽ സ്ത്രീകൾ സുരക്ഷിതരായിരിക്കും. സുരക്ഷിതത്വവും സന്തോഷവും പകരുന്ന ഇടങ്ങളായി നമ്മുടെ കുടും




# കരിപ്പുഴ പള്ളി
# ശതാബ്ദി നിറവിൽ




ശതാബ്ദി ആഘോഷം അഭി. ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം നിർവ്വഹിക്കുന്നു.



ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി നടത്തിയ പരിസ്ഥിതി ദിനാചരണം അഭി. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയമെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു.

മാവേലിക്കര ഭദ്രാസനത്തിൽ കരിപ്പുഴ ഗ്രാമത്തിന് ദൈവമഹത്വം നൽകി നിലകൊള്ളുന്ന സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ദേവാലയം ശതാബ്ദി നിറവിലേക്ക് പ്രവേശിക്കുകയാണ്. പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദീവന്നാസിയോസ് പിതാവിന്റെ തൃക്കരങ്ങളാൽ 1916 നവംബർ 13-ന് കല്ലിട്ട് സ്ഥാപിതമായ ഈ ദൈവഭവനം മലങ്കര സഭയ്ക്ക് അഭിമാനമാണ്. നാനാജാതി മതസ്ഥരായ അനേകായിരങ്ങൾ അധിവസിക്കുന്ന കരിപ്പുഴ ഗ്രാമത്തിന് വഴികാട്ടിയായി, പ്രകാശസ്തംഭമായി പ്രഭവിതറി ഈ ദേവാലയം നിലകൊള്ളുന്നതിൽ നമുക്ക് അഭിമാനിക്കാം..........

ഒരു ദേശത്തിന് ദൈവം നൽകുന്ന സ്നേഹസമ്മാനമാണ് ഓരോ ദേവാലയവും. ദൈവ സാന്നിദ്ധ്യബോധമുളവാക്കുന്ന ദൈവഭവനം എന്നതിലുപരി ഓരോ ദേവാലയവും കളങ്കമില്ലാത്ത സ്നേഹ-സാഹോദര്യ-സഹകരണ ബന്ധങ്ങളുടെ ഭൂമിക കൂടിയാണ്. പൂർവ്വ പിതാക്കന്മാരുടെ അദ്ധ്വാനത്തിലൂടെ ദൈവമനുഷ്യബന്ധത്തിന്റെ ദൃഢതക്കും വളർച്ചക്കും പ്രോജ്ജ്വലനത്തിനുമായി സമൂഹത്തിന് ലഭിക്കുന്ന സങ്കേത തുറമുഖമാണ് ദേവാലയങ്ങൾ. ഇതിൽ അവരുടെ വിയർപ്പുകണങ്ങളും കണ്ണീരും ആനന്ദവും സ്തുതിസ്തോത്രങ്ങളും നമുക്ക് ദർശിക്കാം. അവരുടെ ഓർമ്മ കൂടാതെ നമുക്കൊരു നിലനിൽപുതന്നെയില്ല.

2016-2017-മാണ്ട് കരിപ്പുഴ സെന്റ് ജോർജ്ജ് ദേവാലയത്തിന്റെ ശതാബ്ദി നിറവിൽ പിന്നിട്ട വഴികളിലേക്ക് നോക്കി പൂർവ്വപിതാക്കളുടെ പ്രാർത്ഥനയിലഭയപ്പെട്ട് പ്രത്യാശയോടെ, ഒരുമയോടെ, സ്വാഭിമാനത്തോടെ പുതിയ കർമ്മപദ്ധതികൾക്കായി ദൈവശരണം തേടുന്നു. മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസും മാവേലിക്കര ഭദ്രാസന സഹായ മെത്രാപ്പോലീത്താ അഭി. ഡോ. ജോഷ്വാ മാർ നിക്കോദിമോസ് തിരുമേനിയും അഭിവന്ദ്യരായ പിതാക്കന്മാരും സാന്നിദ്ധ്യം കൊണ്ടും അനുഗ്രഹങ്ങൾ കൊണ്ടും ഈ ശതാബ്ദി നിറവിൽ പങ്കുചേരുന്നു. പ്രാർത്ഥനയോടെ

ഇടവകയുടെ ശുശ്രൂഷയിൽ

**ഫാ. സോനു ജോർജ്ജ്, തേവലപ്പുറത്ത്**
വികാരി

**റോണി വർഗ്ഗീസ് എബ്രഹാം**
ജനറൽ കൺവീനർ

## പരിശുദ്ധ കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ

**കഷ്ടാനുഭവ ആഴ്ച, കാൽകഴുകൽ ശുശ്രൂഷ**

**2017 വർഷത്തെ പെരുന്നാൾ ആചരണം**
(അഭി. മെത്രാപ്പോലീത്തന്മാരുടെ മുഖ്യ കാർമ്മികത്വത്തിൽ)
ആദ്ധ്യാത്മിക സംഘടനകളുടെ ഭദ്രാസന,
കേന്ദ്രതല സമ്മേളനങ്ങൾ, പ്രവാസി, ഇടവക കുടുംബ സംഗമം
ഇടവകയിൽ ശുശ്രൂഷ നിർവ്വഹിച്ച വന്ദ്യ വൈദികരെ ആദരിക്കൽ
ശതാബ്ദി വിളംബര യാത്ര, ശതാബ്ദി സ്മരണിക, സപ്ലിമെന്റ്
കാർഷിക-പ്രകൃതി സംരക്ഷണ, തൊഴിൽ പരിശീലന
സെമിനാറുകൾ, സാംസ്കാരിക സമ്മേളനം

## ജീവകാരുണ്യ പ്രവർത്തനങ്ങൾ

വിവാഹ, വിദ്യാഭ്യാസ, ചികിത്സാ ധനസഹായം
ഭവനദാന പദ്ധതി, മെഡിക്കൽ ക്യാമ്പ്
ആതുര സേവനങ്ങൾ

**നിർമ്മാണം**

ആശംസകളോടെ
റോണി വർഗ്ഗീസ് എബ്രഹാം
സഭാ മാനേജിംഗ് കമ്മിറ്റി അംഗം

SECURE Solutions
SMART SOLUTIONS
AN ISO 9001:2008 CERTIFIED COMPANY

Ernakulam
Trivandrum
Chennai
Dubai